بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅ: ഖുതുബ**

**സംഗ്രഹം**

**12.05.2023**

# മജ്‌ലിസ് ശൂറായുടെ പ്രാധാന്യം

***സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) 12.05.2023ന് യു.കെയിലെ മസ്ജിദ് മുബാറാക്കിൽ വച്ച് നിർവഹിച്ചത്***

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَہٗ لَا شَرِيۡكَ لَہٗ وَ اَشۡهَدُ اَنَّ مُحَمَّدًا عَبۡدُہٗ وَ رَسُوۡلُہٗ اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ۔ اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ۔ الرَّحۡمٰنِ الرَّحِيۡمِ۔ مٰلِكِ يَوۡمِ الدِّيۡنِ۔ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ۔ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ۔ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ۬ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ۔

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയതിനുശേഷം ഹുസൂർ തിരുമനസ്സ്(അയ്യദഹുല്ലാഹ്) സൂറ: ആലുഇംറാനിലെ

فَبِمَا رَحۡمَةٍ مِّنَ اللّٰهِ لِنۡتَ لَهُمۡ ۚ وَلَوۡ كُنۡتَ فَظًّا غَلِيۡظَ الۡقَلۡبِ لَانۡفَضُّوۡا مِنۡ حَوۡلِكَ ۖ فَاعۡفُ عَنۡهُمۡ وَاسۡتَغۡفِرۡ لَهُمۡ وَشَاوِرۡهُمۡ فِى الۡاَمۡرِ ۚ فَاِذَا عَزَمۡتَ فَتَوَكَّلۡ عَلَى اللّٰهِ ؕ اِنَّ اللّٰهَ يُحِبُّ الۡمُتَوَكِّلِيۡنَ

എന്ന വചനം പാരായണം ചെയ്തു. അതിന്റെ അർഥം ഇപ്രകാരമാണ്:

**“അല്ലാഹുവിന്റെ മഹത്തായ കാരുണ്യം കൊണ്ടു തന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ അവർ നിന്റെ ചുറ്റുനിന്നും ചിതറിപ്പിരിഞ്ഞു പോയ്ക്കളയുമായിരുന്നു. അതിനാൽ, അവർക്കു നീ മാപ്പു നല്കുകയും അവർക്കായി പാപമോചനത്തിനുവേണ്ടി നീ പ്രാർഥിക്കുകയും പ്രധാന കാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുകയും ചെയ്യുക.. അങ്ങനെ കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ നീ അല്ലാഹുവികൽ ഭരമേല്പിക്കുക. തീർച്ചയായും അല്ലാഹു തന്നിൽ ഭരമേല്പിക്കുന്നവരെ ഇഷ്ടപ്പെടുന്നു.”**

(വിശുദ്ധ ഖുർആൻ 3:160)

.

ഈയിടെ വിവിധ രാജ്യങ്ങളിൽ ജമാഅത്തിന്റെ മജ്‌ലിസ് ശൂറാ നടന്നു വരികയാണ്. ചില രാജ്യങ്ങളിൽ നടന്നു കഴിഞ്ഞു; ചില രാജ്യങ്ങളിൽ നടക്കാൻ പോവുകയാണ്. കൂടിയാലോചനയുടെ പ്രാധാന്യത്തെയും പ്രതിനിധികളുടെ ഉത്തരവാദിത്വങ്ങളെയും സംബന്ധിച്ച് മുൻപും ഞാൻ ഉണർത്തിയിട്ടുണ്ട്. വർഷങ്ങൾ കഴിഞ്ഞ് ഇന്ന് വീണ്ടും ഇതു സംബന്ധമായ ദൈവകല്പനയും നബിതിരുമേനിയുടെ മാതൃകയും ജമാഅത്തിന്റെ ചട്ടവട്ടങ്ങളും അനുസരിച്ച് ചിലത് പറയുന്നത് ഉചിതമായിരിക്കുമെന്ന് ഞാൻ കരുതുന്നു. മജ്‌ലിസ് ശൂറ നടന്നു കഴിഞ്ഞ രാജ്യങ്ങളിലെ പ്രതിനിധികൾക്ക് ഇക്കാര്യങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയും. ശൂറാ പ്രതിനിധികളുടെ ഉത്തരവാദിത്വങ്ങളെ സംബന്ധിച്ച് അംഗങ്ങൾ ബോധവാന്മാർ ആയിരിക്കേണ്ടതാണ്. എന്തെന്നാൽ, മജ്‌ലിസ് ശൂറയിൽ വയ്ക്കുന്ന ശുപാർശകൾക്ക് കാലത്തിന്റെ ഖലീഫ അംഗീകാരം നല്കുന്നതോടു കൂടി ചില ഉത്തരവാദിത്വങ്ങൾ ആരംഭിക്കുന്നു. ആ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിൽ മുഖ്യപങ്കുവഹിക്കുക എന്നത് ശൂറയിലെ ഓരോ അംഗത്തിന്റെയും നിർബന്ധ കടമയാണ്.

ഞാൻ ഓതിക്കേൾപ്പിച്ച വചനത്തിൽ, നബിതിരുമേനി(സ) ദൈവത്തിന്റെ സവിശേഷ കാരുണ്യത്താൽ തന്റെ സമുദായത്തോട് അങ്ങേയറ്റം ഹൃദയാലുവായിരുന്നു എന്ന് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അതോടൊപ്പം, നബിതിരുമേനിയുടെ ദൗത്യം മുന്നോട്ടു കൊണ്ടുപോകാനും തിരുനബി(സ)യുടെ പ്രവചനപ്രകാരം അവിടുത്തെ ദാസത്വത്തിൽ ആഗതരായ വാഗ്ദത്ത മസീഹി(അ)ന്റെ മിഷൻ പൂർത്തിയാക്കാനും ബാധ്യതപ്പെട്ടവരുടെ ചുമതലയാണ് സ്നേഹത്തോടും സഹിഷ്ണുതയോടും പ്രവർത്തിക്കുക എന്നത്. നിങ്ങൾ സൗമ്യത അവലംബിക്കാതെ ഹൃദയകാഠിന്യവും കോപവും പ്രകടിപ്പിക്കുന്നതായൽ ഇക്കൂട്ടർ അകന്നു പോകുമെന്നാണ് അല്ലാഹു അരുൾ ചെയ്യുന്നത്. അതുകൊണ്ട് വിട്ടുവീഴ്ച ചെയ്യാനും പാപപ്പൊറുതിക്കായി പ്രാർഥിക്കാനും കൂടിയാലോചന നടത്താനും അല്ലാഹു കല്പിക്കുന്നു. ഈ തത്ത്വദർശനങ്ങളെ പിന്തുടർന്നുകൊ

ണ്ടാണ് മജ്‌ലിസ് ശൂറാ നടത്തപ്പെടുന്നത്. പേരിൽനിന്ന് വ്യക്തമാകുന്നതുപോലെ, ഇതു തീരുമാനമെടുക്കുന്ന സമിതിയല്ല, മറിച്ച് കൂടിയാലോചനാസമിതിയാണ്. അതുകൊണ്ടാണ്, 'കൂടിയാലോചനയ്ക്കുശേഷം നീ കൈക്കൊള്ളുന്ന തീരുമാനം അല്ലാഹുവിൽ ഭരമേൽപ്പിച്ചുകൊണ്ട് പ്രാവർത്തികമാക്കുക. തുടർന്ന് അല്ലാഹു അതിന് അളവറ്റ അനുഗ്രഹങ്ങൾ നല്കുന്നതാണ് എന്നു പറഞ്ഞിരിക്കുന്നത്. തവക്കുൽ അഥവാ ഭരമേൽപ്പിക്കലിന്റെ ഏറ്റവും ഉത്കൃഷ്ട മാതൃക കാണപ്പെടുന്നത് നബിതിരുമേനി(സ)യുടെ വ്യക്തിത്വത്തിലാണ്. നിരവധി സംഗതികളിൽ അല്ലാഹു നബിതിരുമേനി(സ)ക്ക് നേരിട്ട് മാർഗദർശനം നല്കിയിരുന്നു. എന്നാൽ, ദൈവികകല്പനകൾ വ്യക്തമായ നിലയിൽ നല്കപ്പെടാത്ത സംഗതികളിൽ അവിടുന്ന് തീർച്ചയായും കൂടിയാലോചന നടത്തുമായിരുന്നു. ജമാഅത്തംഗങ്ങളോട് ഭാരവാഹികളുടെ സമീപനം എങ്ങനെയുള്ളതായിരിക്കണം എന്നാണ് തിരുചര്യയും ദൈവകല്പനയും നമുക്ക് പറഞ്ഞു തരുന്നത്. അതുകൊണ്ട് നാം പരസ്പരം കൂടിയാലോചന നടത്തുകയാണ് വേണ്ടത്. ഖിലാഫത്താകുന്ന അനുഗ്രഹം ജമാഅത്തിന് പ്രദാനം ചെയ്തുകൊണ്ട് അല്ലാഹു ഔദാര്യം ചെയ്തിരിക്കുന്നു. അതിനാൽ കാലത്തിന്റെ ഖലീഫ ദൈവകല്പനയും തിരുചര്യയുമനുസരിച്ച് ലോകത്തെ ജമാഅത്തുകളിൽനിന്ന് അവരുടെ സ്ഥിതിഗതികൾക്ക് അനുസൃതമായ നിലയിൽ അഭിപ്രായം ആരായുന്നു. അല്ലാഹു ഇച്ഛിച്ചിരുന്നെങ്കിൽ എല്ലാ കാര്യങ്ങളിലും നബിതിരുമേനി(സ)ക്ക് മാർഗദർശനം നല്കുമായിരുന്നു. എന്നാൽ ചില സംഗതികളിൽ തിരുമേനിക്ക് കൂടിയാലോചന നടത്താൻ കല്പന നല്കിയതും ചില കാര്യങ്ങളിൽ നബിതിരുമേനി അഭിപ്രായം ആരാഞ്ഞതും എല്ലാം വാസ്തവത്തിൽ നമ്മെ ശരിയായ മാർഗത്തിൽ നടത്തുന്നതിനും പരസ്പരം കൂടിയാലോചനയും സഹകരണവും മുഖേന പ്രവർത്തിക്കുന്നതിനും സമൂഹത്തിൽ ഐക്യം സംജാതമാക്കുന്നതിനും വേണ്ടിയാണ്.

ഒരു ഹദീസിൽനിന്ന് ഇക്കാര്യം വ്യക്തമാകുന്നുണ്ട്. ഹദ്റത്ത് ഇബ്നു അബ്ബാസ് നിവേദനം ചെയ്യുന്നു: *ശാവിർഹും ഫിൽ അംറി* എന്ന വചനം ഇറങ്ങിയപ്പോൾ നബിതിരുമേനി(സ) പറഞ്ഞു: 'അല്ലാഹുവും അവന്റെ ദൂതനും ഇതാവശ്യമുള്ളവരല്ല. എന്നാൽ, എന്റെ സമുദായത്തെ സംബന്ധിച്ചിടത്തോളം ഇതിനെ കാരുണ്യത്തിന് ഹേതുവാക്കിയിരിക്കുന്നു. അതുകൊണ്ട് കൂടിയാലോചന നടത്തുന്നവന് സന്മാർഗം ലഭിക്കാതെ പോവില്ല. കൂടിയാലോചന ചെയ്യാത്തവൻ നിന്ദ്യതയിൽനിന്ന് രക്ഷപ്പെടുകയുമില്ല' ആകയാൽ, കൂടിയാലോചനയുടെ ആവശ്യം നബിതിരുമേനിക്കില്ലായിരുന്നു. എന്നിട്ടും സമുദായം ദൈവകാരുണ്യത്തിൽ സദാ ഭാഗഭാക്കാവുകയും സന്മാർഗത്തിൽ എന്നും ചരിച്ചുകൊണ്ടിരിക്കുകയും നിന്ദ്യതയിൽനിന്ന് സുരക്ഷിതനാവുകയും ചെയ്യുന്ന തരത്തിൽ മാതൃക സ്ഥാപിച്ചു കാണിക്കുന്നതിനുവേണ്ടി അവിടുന്ന് കൂടിയാലോചന നടത്തി.

ആകയാൽ, നമ്മുടെ ഉള്ളിൽ ശൂറാ സംവിധാനം നിലവിലുണ്ട് എന്നത് അല്ലാഹു നമ്മോടു ചെയ്ത പ്രത്യേക ഔദാര്യമാണ്. അതുകൊണ്ടുതന്നെ അല്ലാഹു നമുക്കായി സന്മാർഗത്തിന്റെ സംവിധാനം ഒരുക്കിയതിൽ ഓരോ അഹ്മദി പൊതുവിലും ഓരോ ശൂറാ അംഗം പ്രത്യേകിച്ചും അതിനെ വിലമതിച്ചു കൊണ്ട് അല്ലാഹുവിന് നന്ദി കാണിക്കുകയാണ് വേണ്ടത്.

നബിതിരുമേനി(സ) മൂന്നു രീതിയിലാണ് കൂടിയാലോചന നടത്തിയിരുന്നത്. ഖലീഫമാരും അവ തുടർന്നു പോന്നു. വാഗ്ദത്ത മസീഹും(അ) ഇവ പ്രാവർത്തികമാക്കി. ഒന്നാമത്തെ രീതി, കൂടിയാലോചന ആവശ്യമായ വല്ല സംഗതിയുമുണ്ടെങ്കിൽ ഒരാൾ വിളംബരം ചെയ്ത് ആളുകളെ വിളിച്ചു കൂട്ടിയതിനുശേഷം അഭിപ്രായം ആരായുകയും അതിന്റെ അടിസ്ഥാനത്തിന്റെ നബിതിരുമേനി(സ) തീരുമാനം എടുക്കുകയും ചെയ്യുന്നു. അഭിപ്രായം പറയാൻ യോഗ്യരെന്ന് തിരുമേനി മനസ്സിലാക്കിയവരെ മാത്രം വിളിച്ച് അവരിൽനിന്ന് അഭിപ്രായം തേടുകയായിരുന്നു രണ്ടാമത്തെ രീതി. മൂന്നാമത്തെ രീതിയാകട്ടെ, രണ്ടു വ്യക്തികൾ കൂടിച്ചേരുന്നത് ശരിയല്ലെന്നു കാണുമ്പോൾ ഓരോരുത്തരായി വിളിച്ച് അവിടുന്ന് അഭിപ്രായം ആരായുമായിരുന്നു. ഹദ്റത്ത് അബൂഹുറൈറ നിവേദനം ചെയ്യുന്നു: 'നബിതിരുമേനിയെക്കാളധികം തന്റെ അനുചരന്മാരോട് അഭിപ്രായം തേടുന്ന ആരെയും ഞാൻ കണ്ടിട്ടില്ല.' ആകയാൽ അല്ലാഹുവിൽനിന്ന് നേരിട്ട് മാർഗദർശനം ലഭിച്ചിരുന്ന നബിതിരുമേനി(സ) തന്നെയും കൂടിയാലോചന നടത്തുന്ന സ്ഥിതിക്ക് അതിന്റെ പ്രാധാന്യം മനസ്സിലാക്കാൻ നാം ശ്രമിക്കണം.

ബദർ യുദ്ധവേളയിലും സഹാബാക്കൾ നബിതിരുമേനി(സ)യോട് കൂടിയാലോചന നടത്തിയതിനുശേഷമാണ് പ്രവർത്തിച്ചത്. തങ്ങളുടെ ജീവൻപോലും അവർ ബലിയർപ്പിച്ചു. ആകയാൽ, നമ്മുടെ ശൂറ അംഗങ്ങളും ചില സംഗതികൾ ഓർമ വയ്ക്കേണ്ടതുണ്ട്. ഒന്നാമതായി, കൂടിയാലോചനകൾക്കുശേഷം അംഗീകാരം വന്നു കഴിഞ്ഞാൽ അവ പ്രാവർത്തികമാക്കുന്നതിന് എല്ലാ ത്യാഗങ്ങളും ചെയ്യാൻ തയ്യാറെടുക്കുക എന്നതാണ്. ഖിലാഫത്ത് വ്യവസ്ഥിതിക്കും ജമാഅത്ത് വ്യവസ്ഥിതിക്കും സഹായിയായി വർത്തിക്കുന്ന വകുപ്പിലെ അംഗങ്ങളാണ് നിങ്ങൾ. സദുദ്ദേശ്യത്തോടും തഖ്‌വയുടെ ഉന്നത നിലവാരം പുലർത്തിക്കൊണ്ടും വേണം അഭിപ്രായം നല്കാൻ. അതുകൊണ്ട് തങ്ങളുടെ തഖ്‌വ ഏതു നിലവാരത്തിലാണെന്ന് ആത്മപരിശോധന നടത്തേണ്ടത് അഭിപ്രായം നല്കുന്നവരുടെ വലിയ ഉത്തരവാദിത്വമാണ്. ഹദ്റത്ത് അലി(റ)യുടെ ഒരു നിവേദനം ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. അദ്ദേഹം പറഞ്ഞു: *ശാവിറുൽ ഫുഖഹാ വൽ ആബിദീൻ.* അതായത്, ഗ്രാഹ്യശക്തിയുള്ളവരും ആരാധനകളിൽ കഴിച്ചുകൂട്ടുന്നവരുമായ ആളുകളോട് കൂടിയാലാചന നടത്തുക. എല്ലാവരോടുമല്ല. ഇതാണ് പ്രതിനിധികൾക്ക് ഉണ്ടായിരിക്കേണ്ട നിലവാരം. ശൂറാ അംഗങ്ങളെ തിരഞ്ഞെടുക്കുന്നവർക്കും ഇതിൽ ഉപദേശമുണ്ട്. അഭിപ്രായം നല്കാൻ കഴിവുള്ളവരും മതവിജ്ഞാനം സ്വായത്തമാക്കിയവരും ആരാധനാകാര്യങ്ങളിൽ നിലവാരം പുലർത്തുന്നവരുമായ ആളുകളെയാണ് തിരഞ്ഞെടുക്കേണ്ടത്. ഈ നിലവാരം മുന്നിൽ വച്ചുകൊണ്ട് തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുടെ അഭിപ്രായങ്ങൾ മറ്റുള്ളവരിൽനിന്ന് വേറിട്ടു നില്ക്കുന്നതായി ഞാൻ കണ്ടിട്ടുണ്ട്. ജനങ്ങൾ ദൈവകല്പനപ്രകാരം തങ്ങളുടെ പ്രതിനിധികളെ നിശ്ചയിച്ചിരിക്കുന്നതുകൊണ്ട് തങ്ങളുടെ

പ്രാതിനിധ്യത്തോടുള്ള കടമ ആ പ്രതിനിധികൾ നിറവേറ്റുന്നുണ്ടാകും എന്നാണ് കാലത്തിന്റെ ഖലീഫ മനസ്സിലാക്കുന്നത്. പ്രതിനിധികൾ തങ്ങളുടെ കടമ നിറവേറ്റുന്നില്ലെങ്കിൽ അവർ ജമാഅത്തംഗങ്ങളുടെ വിശ്വാസത്തെ മാത്രമല്ല മുറിവേൽപ്പിക്കുന്നത്, വിശ്വസിച്ച് ഏല്പിച്ച സംഗതിയോടുള്ള കടമ നിർവഹിക്കാത്തതിനാൽ അതു കാലത്തിന്റെ ഖലീഫയോട് കാണിക്കുന്ന വിശ്വാസവഞ്ചന കൂടിയാണ്.

ശൂറായിലെ പ്രാതിനിധ്യം ഒരു വർഷത്തേക്കാണ്. ജമാഅത്ത് വ്യവസ്ഥിതിയുമായി സഹകരിക്കുകയും തീരുമാനങ്ങൾ അനുസരിച്ച് പ്രവർത്തിക്കുകയും പ്രവർത്തിപ്പിക്കുകയും വേണം. നിങ്ങളുടെ ജമാഅത്തിൽ കാലത്തിന്റെ ഖലീഫയുടെ തീരുമാനങ്ങൾക്കനുസരിച്ച് എത്രമാത്രം പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് എപ്പോഴും പരിശോധിക്കുക. അംഗീകാരം ലഭിച്ച തീരുമാനം ചിലപ്പോൾ ഭാരവാഹികളുടെ അനാസ്ഥയ്ക്ക് ഇരയാകാറുണ്ട്. അതുകൊണ്ടുതന്നെ വേണ്ടവിധം അതു പ്രാവർത്തികമാകാറില്ല. അത്തരം സാഹചര്യങ്ങളിൽ ബന്ധപ്പെട്ട ഭാരവാഹിയെയും കേന്ദ്രത്തെയും ഉണർത്തുക. എന്തെങ്കിലും ഒഴികഴിവ് പറഞ്ഞു ഇഹലോകത്തു നിന്ന് രക്ഷപ്പെട്ടാലും അല്ലാഹുവിൽനിന്ന് ഒരു കാര്യവും മറഞ്ഞിരിക്കുകയില്ല. അമാനത്തുകളെ സംബന്ധിച്ച് അവൻ ചോദിക്കുന്നതാണ്. ഏതെങ്കിലും ഭാരവാഹിയുമായി ഭിന്നത ഉടലെടുക്കുമ്പോൾ ആയിരിക്കും ചില അംഗങ്ങൾ കേന്ദ്രത്തെ അറിയിക്കുന്നത്. ഇതും ശരിയല്ല.

ചില നിർദേശങ്ങൾ ജമാഅത്തുകൾ രണ്ടാമതും അയക്കുന്നതിനർഥം അവ പ്രാവർത്തികമായിട്ടില്ലെന്നാണ്. തഖ്‌വയിൽ ചരിക്കുക, അമാനത്തുകളോടുള്ള കടമ പൂർത്തിയാക്കുക, ഖിലാഫത്തിനോട് അനുസരണം പുലർത്തുക, പ്രതിജ്ഞകൾ പാലിക്കുക എന്നൊക്കെ പറയുന്നത് ഇതിനെയാണോ എന്ന് അത്തരം ജമാഅത്തുകളും ഭാരവാഹികളും ചിന്തിക്കട്ടെ. തങ്ങൾക്ക് ഇത് പ്രയോഗവത്ക്കരിക്കാൻ സാധിച്ചില്ലെന്നും എന്നാൽ ഈ വർഷം തങ്ങൾ ഇത് പ്രാവർത്തികമാക്കുമെന്നും ഇത് പ്രയോഗവത്ക്കരിക്കാത്ത പക്ഷം തങ്ങൾ കുറ്റക്കാരും അമാനത്തുകളോടുള്ള കടമ നിറവേറ്റാത്തവരും ആയിരിക്കുമെന്നും കേന്ദ്രങ്ങൾ ലജ്ജ പ്രകടിപ്പിക്കുകയാണ് വേണ്ടത്. ഈ വർഷം ഈ നിർദേശം അവതരിപ്പിക്കാതിരിക്കാൻ ശുപാർശ ചെയ്യുന്നുവെന്ന് അവർ മാപ്പെഴുതി ചോദിക്കട്ടെ. കാലത്തിന്റെ ഖലീഫയ്ക്ക് വലിയ വലിയ കർമപദ്ധതികൾ സമർപ്പിക്കുമ്പോൾ അവ പ്രാവർത്തികമാക്കുന്നില്ലെങ്കിൽ തങ്ങൾ കുറ്റക്കാരും കാലത്തിന്റെ ഖലീഫ അർപ്പിച്ച വിശ്വാസത്തെ തകർക്കുന്നവരും ആയിത്തീരുമെന്നബോധം ഇതുവഴി ജമാഅത്ത് വ്യവസ്ഥിക്കും പ്രതിനിധികൾക്കും ഉണ്ടായി വരും. അതുകൊണ്ട് എല്ലാവരും ഒരുമിച്ച് ആത്മപരിശോധന നടത്തുന്നതോടൊപ്പം ശൂറാ പ്രതിനിധികളും ഭാരവാഹികളും വ്യക്തിപരമായ നിലയിലും ആത്മപരിശോധന നടത്തുകയും പ്രവർത്തിക്കാതിരിക്കാനുള്ള കാരണമെന്തെന്ന് പാപപ്പൊറുതി തേടിക്കൊണ്ട് അന്വേഷിക്കുകയും ചെയ്യട്ടെ.

ആകയാൽ, ഇപ്രകാരം പരിശോധന ചെയ്യുന്നതിലൂടെ മാത്രമേ ജമാഅത്ത് വ്യവസ്ഥിതിയെ ശരിയായ മാർഗത്തിൽ വഴിനടത്താൻ സാധിക്കുകയുള്ളൂ. അല്ലാതെ, വെറുംവാക്കുകൾ ഒരു പ്രയോജനവും നല്കുകയില്ല.

കർമമാതൃക, ജനങ്ങളോടുള്ള സ്നേഹബന്ധം, അവരുടെ വേദന മനസ്സിലാക്കുക, കാലത്തിന്റെ ഖലീഫയോടുള്ള അനുസരണത്തിന്റെ നിലവാരം ഉയർത്തുക എന്നിങ്ങനെയുള്ള കാര്യങ്ങൾ ഓരോ ഭാരവാഹിയുടെയും ശൂറാ അംഗത്തിന്റെയും സവിശേഷഗുണങ്ങളായി തീരുമ്പോൾ ജമാഅത്തിലാകെ വിപ്ലവാത്മകമായ ഒരു പരിവർത്തനം സംജാതമാകുന്നത് കാണാൻ കഴിയും. നാം സ്വന്തം കർമാവസ്ഥ ശരിയാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതോടൊപ്പം ഏകദൈവസന്ദേശം എത്തിക്കുന്നതിനും ലോകത്തെ നബിതിരുമേനി(സ)യുടെ കൊടിക്കീഴിൽ കൊണ്ടുവരുന്നതിനും വേണ്ടി വിപ്ലവാത്മകമായ കർമപദ്ധതി തയ്യാറാക്കുന്നതിനും കൂടിയാണ് ശൂറ നടത്തുന്നത്.

ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ഒരു നിർദേശത്തിന്റെ വെളിച്ചത്തിൽ, തഖ്‌വ അവലംബിച്ചുകൊണ്ട് സ്വന്തം ഉത്തരവാദിത്വങ്ങൾ നിർവഹിക്കുക എന്ന് ഉണർത്തിക്കൊണ്ട് ഹുസൂർ തിരുമനസ്സ് പറഞ്ഞു: അല്ലാഹു നമുക്കേവർക്കും തഖ്‌വയിൽ ചരിച്ചുകൊണ്ട് സ്വന്തം ഉത്തരവാദിത്വങ്ങൾ നിർവഹിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹു നമ്മുടെ തെറ്റുകുറ്റങ്ങളും പോരായ്മകളും മറച്ചുവച്ചുകൊണ്ട് നമ്മിൽ സദാ അനുഗ്രഹം വർഷിക്കുമാറാകട്ടെ. ആമീൻ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَنَسْتَعِيْنُهٗ وَنَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَمِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ ـ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ ـ عِبَادَاللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَاِيْتَاءِ ذِي الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَالْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ ـ


FRIDAY SERMON SUMMARY DELIVERED BY **HADRAT KHALIFATUL MASIH V(ATBA)** AT MASJID MUBARAK UK ON 12.05.2023

MALAYALAM TRANSLATION,TYPING& LAYOUT:**BM ARIF MOHAMMED SHAHID** FOR MALAYALAM DESK, QADIAN

PUBLISHED BY NAZARAT NASHR-O-ISHAAT, SADR ANJUMAN AHMADIYYA QADIAN 143516